**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 118** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>ഗർഭിണിയായ യുവതിയെ മർദ്ദിച്ച സംഭവം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. പി. അബ്ദുൽ ഹമീദ്

ഡോ. എം. കെ. മുനീർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ഗർഭിണിയായ യുവതിയെ സ്റ്റേഷനിൽ വെച്ച് യൂണിഫോമിലല്ലാത്ത എസ്.എച്ച്.ഒ. മർദ്ദിക്കുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ആരോപണവിധേയനായ മുൻ എറണാകുളം ടൗൺ നോർത്ത് ISHO യെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. തുടർന്ന്, വകുപ്പുതല നടപടിയുടെ ഭാഗമായുള്ള വാക്കാലന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്. അന്വേഷണത്തിന് കൊച്ചി DCRB എ.സി.പി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**(ബി)** 2024 ജൂൺ 19-ന് നടന്ന സംഭവത്തിന്റെ സി.സി.ടി.വി. ദൃശ്യങ്ങൾ പുറത്തു വന്നതിനെ തുടർന്ന് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ;

**<u>മറുപടി:</u>** ആരോപണവിധേയനായ മുൻ എറണാകുളം ടൗൺ നോർത്ത് ISHO യെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. തുടർന്ന്, വകുപ്പുതല നടപടിയുടെ ഭാഗമായുള്ള വാക്കാലന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്. അന്വേഷണത്തിന് കൊച്ചി DCRB എ.സി.പി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**(സി)** ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>മറുപടി:</u>** സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പോലീസ് സ്റ്റേഷനുകളിലെ ദൈനംദിന പ്രവർത്തനങ്ങൾ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് വിഭാഗത്തെ ഉപയോഗിച്ചും മറ്റും പ്രത്യേകം നിരീക്ഷിച്ചുവരുന്നുണ്ട്. എല്ലാ സ്റ്റേഷനുകളിലും സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതും സ്റ്റേഷനുകളിൽ സർപ്രൈസ് പരിശോധനകൾ നടത്തി വരുന്നതുമാണ്. പൊതുജനങ്ങളോട് മാന്യമായി പെരുമാറുന്നതിനും പോലീസ് മർദ്ദനങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകി വരുന്നുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ കാരണക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി കർശന അച്ചടക്ക നടപടികളും സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**